بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്ബ**

**സംഗ്രഹം**

**09-1-2026**

# വഖ്ഫെ ജദീദ് 69-ാം വർഷ വിളംബരം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും സൂറഃ ആലുഇംറാൻ 93-ാം സൂക്തവും ഓതിയശേഷം ഹുസൂർ തിരുമനസ്സ് ഇപ്രകാരം പ്രസ്താവിച്ചു: ആയത്തിന്റെ അർഥം ഇപ്രകാരമാണ്,

നിങ്ങൾഇഷ്ടപ്പെടുന്നതിൽനിന്നുനിങ്ങൾചെലവഴിക്കുന്നതുവരെ നിങ്ങൾ (പരിപൂർണ)നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്നു ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. ഇതിനെവ്യാഖ്യാനിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ അവ്വൽ(റ) എഴുതുന്നു: വിശുദ്ധ ഖുർആനിൽ സൂറത്തുൽ ബഖറയിലെ ആദ്യത്തെ റുകൂഅ് ആരംഭിക്കുന്നിടത്ത് മുത്തഖിയെക്കുറിച്ച് وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ എന്ന് പ്രസ്താവിച്ചിരിക്കുന്നു. അതായത് അല്ലാഹു അവർക്ക് നല്കിയതിൽ നിന്നും അവർ ചിലവഴിക്കുന്നു. ഇത് ആദ്യ റുകൂഇലെ പരാമർശമാണ്. പിന്നീട് ഈ സൂറത്തിൽ പലയിടത്തും അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവ്യയത്തിന് വലിയ ഊന്നൽ നല്കിയിട്ടുണ്ട്. അതിനാൽ, നിങ്ങളുടെ ധനത്തിൽ നിന്ന് നിങ്ങൾ ചിലവഴിക്കുന്നത് വരെ നിങ്ങൾക്ക് യഥാർഥ നന്മ കൈവരിക്കാനാവില്ല. مِمَّا تُحِبُّوْنَ (നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽ നിന്ന്) എന്നതിന്റെ അർഥം എന്റെ വീക്ഷണത്തിൽ ധനമാണ്, കാരണം അല്ലാഹു പറയുന്നു:

وَاِنَّهٗ لِحُبِّ الْخَيْرِ لَشَدِيْدٌ

തീർച്ചയായും മനുഷ്യന് ധനത്തോട് കടുത്ത സ്നേഹമുണ്ട്. അതിനാൽ യഥാർഥ നന്മ ലഭിക്കുന്നതിന് നിങ്ങളുടെ പ്രിയപ്പെട്ട വസ്തുവായ ധനത്തിൽനിന്ന് ചിവഴിച്ചുകൊണ്ടിരിക്കുക എന്നത് അത്യാവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമും പലയിടങ്ങളിൽ ഇതിന് വ്യാഖ്യാനം നല്കിയിട്ടുണ്ട്. ഒരിടത്ത് അദ്ദേഹം പറയുന്നു:

ഉപയോഗശൂന്യവും നിസ്സാരവുമായ വസ്തുക്കൾ ചിലവഴിക്കുന്നതിലൂടെ ഒരാൾക്കും നന്മ ചെയ്യുന്നു എന്ന് അവകാശപ്പെടാനാവില്ല. നന്മയിലേക്കുള്ള വാതിൽ ഇടുങ്ങിയതാണ്. അതിനാൽ, നിസ്സാരമായകാര്യങ്ങൾ ചിലവഴിക്കുന്നതിലൂടെആർക്കും അതിൽ പ്രവേശിക്കാനാവില്ല എന്ന കാര്യം മനസ്സിലാക്കുക. പ്രയാസം സഹിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, യഥാർഥ നന്മ സ്വായത്തമാക്കാൻ തയ്യാറല്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെ വിജയികളും ലക്ഷ്യം പ്രാപിച്ചവരുമാകാൻ കഴിയും?

ചിലപ്പോൾ നന്നായി സമ്പാദിക്കുന്നവർ സാമ്പത്തിക ത്യാഗങ്ങളിൽ ഒരു സാധാരണ ഇടത്തരം വരുമാനക്കാരനായ അഹ്മദിയുടെ നിലവാരത്തിൽ എത്തുന്നില്ല. അങ്ങനെയുള്ളവർ ചിന്തിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

നിങ്ങൾക്ക് പ്രിയപ്പെട്ടത് അവന്റെ മാർഗത്തിൽ ചിലവഴിക്കുക എന്നതാണ് യഥാർഥ ത്യാഗം. എങ്കിൽ മാത്രമേ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രീതി ലഭിക്കുകയുള്ളൂ. അവന്റെ അനുഗ്രഹ ങ്ങളുടെ അവകാശികളാകാൻ സാധിക്കുന്നതും അങ്ങനെ തന്നെയാണ്. അല്ലാഹു ഒന്നോ രണ്ടോ സ്ഥലത്തല്ല, മറിച്ച് ഖുർആനിൽ പലയിടത്തും അവന്റെ മാർഗത്തിലുള്ള ധനവ്യയത്തിന് കല്പന നല്കിയിട്ടുണ്ട്.

ജമാഅത്തിലെ ഭൂരിഭാഗവും സാമ്പത്തിക ത്യാഗ ങ്ങളിൽവളരെസന്തോഷത്തോടെപങ്കുചേരുന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. എന്നാൽ ഞാൻ പറഞ്ഞതുപോലെ ചിലരിൽ വൈമനസ്യമുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചിലവഴിക്കേണ്ടത് അത്യാവശ്യമാണ് എന്ന കാര്യം അവർ ഓർത്തിരിക്കണം. കൂടുതൽ സമ്പാദിക്കുന്നവർ തീർച്ചയായും പല പദ്ധതികളിലും വലിയ തോതിൽ പങ്കു ചേരുന്നുണ്ട്. എന്നാൽ അനുബന്ധമായി ഞാൻ ഇതും കൂടി പറയട്ടെ, ഹിസ്സ ആമദ് പോലുള്ള വരുമാനത്തിന്റെ നിർബന്ധ ചന്ദ ശരിയായ നിരക്കിൽ നല്കാത്തവരും അതിൽ കൃത്യനിഷ്ഠ പാലിക്കാത്തവരും ആത്മപരിശോ ധന നടത്തേണ്ടതുണ്ട്.

നബി തിരുമേനി(സ) പലയിടത്തും സാമ്പത്തിക ത്യാഗം ചെയ്യണമെന്ന് ഉപദേശിച്ചിട്ടുണ്ട്. ഒരു ഇതൊരു ഹദീസ് ഖുദ്സിയിൽ ഹദ്റത്ത് ഹസൻ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി(സ) അല്ലാഹു ഇപ്രകാരം പറഞ്ഞ തായി ഉദ്ധരിച്ചു: അല്ലയോ ആദമിന്റെ മകനേ, നിന്റെ നിധി എന്റെയടുക്കൽ നിക്ഷേ പിച്ച് സമാധാനമായിരിക്കുക. അത് തീ പിടിക്കു മെന്നോ വെള്ളത്തിൽ മുങ്ങുമെന്നോ കള്ളൻ മോഷ്ടിക്കുമെന്നോ ഭയപ്പെടേണ്ടതില്ല. എന്റെ അടുക്കൽ വച്ച നിധി നിനക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള ദിവസം ഞാൻ പൂർണമായി നിനക്ക് നല്കും.

നമ്മൾ ഭാഗ്യവാന്മാരാണ്. ഞാൻ നേരത്തെ സൂചിപ്പചതുപോലെ അഹ്മദികളിൽ ഭൂരി ഭാഗവും ഇക്കാര്യത്തിൽ ബോധവാന്മാരാണ്. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ധാരാളം ചിലവഴിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തും ഇത്തരം ത്യാഗങ്ങളുടെ ഉദാഹ രണങ്ങളുണ്ടായിരുന്നു. അവ കണ്ടിട്ട് ഒരിക്കൽ അദ്ദേഹം പ്രസ്താവിച്ചു: പാവപ്പെട്ട ആളുകൾ മതത്തിന് വേണ്ടി വളരെയധികം ത്യാഗങ്ങൾ ചെയ്യുന്നത് കണ്ട് ഞാൻ അത്ഭുതപ്പെടുന്നു. ഇന്നും സ്ഥിതി ഇതുതന്നെയാണ്. അഹ്മ ദികളിൽ ഭൂരിഭാഗവും അല്ലാഹുവിന്റെ മാർഗ ത്തിൽ ചിലവഴിക്കേണ്ടതുണ്ടെന്ന കാര്യ ത്തിൽ നല്ലവണ്ണം ബോധമുള്ളവരാണ്. പാവപ്പെട്ടവരിലും ഇടത്തരം വരുമാനക്കാരിലും വലിയ ത്യാഗങ്ങൾ ചെയ്യുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. കാരണം അല്ലാഹു ഈ ധനം നമുക്ക് തിരിച്ചുനല്കുമെന്നും നമ്മൾ അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുമെന്നും അവർക്കറിയാം. അത് എങ്ങനെ എന്നത് അല്ലാഹുവിന് നന്നായറിയാം. ഇഹലോകത്തും പരലോകത്തും പ്രതിഫലം ലഭിക്കുന്നതാണ്. പരലോകത്ത് അല്ലാഹു അത് തിരിച്ചുന ല്കുകയും പുണ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും എന്നതാണ് പ്രധാനം. ഈ ത്യാഗങ്ങൾ അവരുടെ പദവികൾ ഉയരാൻ കാരണമാകും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നമ്മൾ ദൈവഭക്തിയിലും പരിശുദ്ധിയിലും എത്രത്തോളം പുരോഗതി കൈവരിച്ചു എന്ന തിന്റെ മാനദണ്ഡം ഖുർആനാണെന്ന് എപ്പോഴും ഓർക്കണം. ദൈവഭക്തരുടെ അടയാളങ്ങളിൽ ഒന്നായി അല്ലാഹു വച്ചിരിക്കുന്നത്, അല്ലാഹു അവരെ ഭൗതികമായ പ്രയാസങ്ങളിൽ നിന്ന് മോചിപ്പിക്കുകയും അവരുടെ കാര്യങ്ങൾ സ്വയം ഏറ്റെടുക്കുകയും ചെയ്യും എന്നതാണ്. ഇപ്പോൾ ഞാൻ വഖ്ഫെ ജദീദിനെക്കുറിച്ച് സംസാരിക്കുന്നതുകൊണ്ട് വഖ്ഫെ ജദീദിൽ ചന്ദ നല്കിയവരും തത്ഫലമായി അല്ലാഹു അനുഗ്രഹിച്ചവരുമായ ചിലരുടെ ഉദാഹ രണങ്ങൾ സമർപ്പിക്കാം.

ഇന്തോനേഷ്യ, കെനിയ, കസാക്കിസ്ഥാൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ സംഭവങ്ങൾ വിവരിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: ഒരു ജമാഅത്തിലെ സഹോദരനെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ വഖ്ഫെ ജദീദ് ചന്ദ 16,000 രൂപ കുടിശ്ശികയായിരുന്നു.

അദ്ദേഹം അത്യാവശ്യാമായി ഒരു ലോണിന്റെ ഗഡു അടക്കാനായി അത്രയും പണം നീക്കിവച്ചതായിരുന്നു. അദ്ദേഹം പറഞ്ഞു: ലോണിന്റെ ഇ.എം.ഐ അടയ്ക്കാൻ കരുതിയ തുകയാണിത്. അതിനി പിന്നെ അടയ്ക്കാം. എനിക്ക് കുടിശ്ശികയുള്ളതുകൊണ്ടും നിങ്ങൾ വന്നതുകൊണ്ടും ഞാൻ ആദ്യം ചന്ദ അടച്ചു തീർക്കാം. ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു, താങ്കൾ ഇപ്പോൾ ബുദ്ധിമുട്ടിലായതു കൊണ്ട് പകുതി ഇപ്പോഴും ബാക്കി പിന്നെയും തന്നാൽ മതിയാകും. അപ്പോൾ അദ്ദേഹം പറഞ്ഞു, ആദ്യം അല്ലാഹുവിനുവേണ്ടിയാണ് ചെലവഴിക്കേണ്ടത്. ഇൻശാ അല്ലാഹ്, ബാക്കി കാര്യങ്ങൾ അല്ലാഹു നോക്കിക്കൊള്ളും. ഞാൻ ദൈവത്തെ ഭയക്കുകയും അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുന്നതുകൊണ്ട് അല്ലാഹു നല്ല നിലയിൽ എനിക്കു വേണ്ടി സംവിധാനമൊരുക്കുന്നതാണ്. വൈകാതെ തന്നെ പണ്ട് കിട്ടാനുള്ള കുടുങ്ങിക്കിടന്ന ഇത്രപെട്ടന്ന് തിരികെ ലഭിക്കുമെന്ന് കരുതാത്ത ഒരു സംഖ്യ അദ്ദേഹത്തിന് അപ്രതീക്ഷിതമായി ലഭിച്ചുവെന്ന് അദ്ദേഹം ഫോൺവിളിച്ചു പറഞ്ഞു. അപ്രകാരം അല്ലാഹു ചന്ദയുടെ ബർക്കത്തായി എല്ലാകാര്യങ്ങളും നടത്തിക്കൊടുത്തെന്നും അതുമുഖേന തന്റെ ഈമാൻ വർദ്ധിച്ചെന്നും ത്യാഗംചെയ്യുന്നവരോട് അല്ലാഹുവിന്റെ പെരുമാറ്റമെങ്ങനെയാണെന്ന് തനിക്ക് കാണാൻ സാധിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതുപോലെ മറ്റു പല സംഭവങ്ങളുമുണ്ട്. ചില ആളുകൾക്ക് അസാധാരണമായ രീതിയിൽ പണം ലഭിക്കുകയുണ്ടായി. താൻ ഏറ്റവും ഇഷ്ടപ്പെടുന്ന കാര്യം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നതാണ് യഥാർഥ ത്യാഗം. ആ സമയത്ത് അവർക്ക് ആ പണം വളരെ ആവശ്യമായിരുന്നു,എങ്കിലും ജമാഅത്തിനോട് ചെയ്ത വാഗ്ദാനം നിറവേറ്റുന്നതിനാണ് അവർ മുൻഗണന നല്കിയത്.

വഖ്ഫെ ജദീദിന്റെ 68-ാം വർഷം പൂർത്തിയായി. 69-ാം വർഷത്തിന് തുടക്കം കുറിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ലോകമെമ്പാടുമുള്ള അഹ്മദികൾ നല്കിയ ആകെ ത്യാഗം ഏകദേശം 15 മില്യൺ പൗണ്ട് ആണ്. കഴിഞ്ഞ വർഷത്തേക്കാൾ 1.3 മില്യൺ പൗണ്ടിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. അൽഹംദുലില്ലാഹ്.

ഒന്നും രണ്ടും സ്ഥാനങ്ങളിൽ കാനഡയും ബ്രിട്ടനുമാണുള്ളത്. മൂന്നാം സ്ഥാനത്ത് ജർമനിയും നാലാം സ്ഥാനത്ത് അമേരിക്കയുമാണ്. അഞ്ചാം സ്ഥാനം ഇന്ത്യയ്ക്കാണ്. പിന്നീട് ഓസ്ട്രേലിയ, തുടർന്ന് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പിന്നീട് ഇന്തോനേഷ്യ, വീണ്ടും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പത്താം സ്ഥാനത്ത് ബെൽജിയം എന്നിങ്ങനെയാണ്. അല്ലാഹുവിന്റെ കൃപയാൽ ചന്ദ നല്കിയവരുടെ എണ്ണം അഞ്ച് മില്ല്യണിലധികം (50 ലക്ഷം) ആണ്. ഇതിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താൻപരിശ്രമിച്ചവരിൽനൈജീരിയ,നൈജർ, ഗാംബിയ, ഗിനി ബിസാവു, കോംഗോ ബ്രസാവില്ലെ, ഐവറി കോസ്റ്റ്, സെൻട്രൽ ആഫ്രിക്ക, കോംഗോ കിൻഷാസ എന്നീ ജമാഅത്തുകൾ ശ്രദ്ധേയമാണ്.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. പിന്നെ തമിഴ്നാട്, ജമ്മുകശ്മീർ, തെലങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്. ജമാഅത്തുകളിൽ ആദ്യ പത്ത് സ്ഥാനങ്ങൾ ക്രമത്തിൽ ഇവയാണ്: കോയമ്പത്തൂർ, ഹൈദരാബാദ്, ഖാദിയാൻ, കോഴിക്കോട്, മേലപ്പാളയം, ബാംഗ്ലൂർ, മഞ്ചേരി, കൊൽക്കത്ത, കേരംഗ്, കരുളായി.

ഈ ത്യാഗങ്ങൾ ചെയ്ത എല്ലാവരുടെയും ആയുസ്സിലും സമ്പത്തിലും അല്ലാഹു അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ചില ജമാഅത്തുകളുടെ പേരുകൾ ഞാൻ വായിക്കുന്നത്, തങ്ങളുടെ സ്ഥാനം എന്താണെന്ന് അറിയാൻ അവർക്ക് ആഗ്രഹമുണ്ടാകും എന്നതിനാലാണ്. കീഴ്വഴക്കം അനുസരിച്ചാണ് വായിച്ചു കേൾപ്പിക്കുന്നത്.

ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേകമായ കൃപയാണ്. അല്ലാഹു എപ്രകാരമാണ് ജനങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നത് എന്നതിന് നമ്മൾ അനുഭവസ്ഥരാണ്. കാരണം എല്ലാ ഖജനാവുകളും അല്ലാഹുവിന്റെ പക്കലാണെന്ന് അവർ മനസ്സിലാക്കുന്നു. എല്ലാ ഖജനാവുകളും

അല്ലാഹുവിന്റെ പക്കലാണ് എന്ന് ഹദീസിലും വന്നിട്ടുണ്ട്. പരലോകത്ത് അവൻ അത് നല്കി അനുഗ്രഹിക്കും. എന്നാൽ ഈ ലോകത്തും അവൻ അനുഗ്രഹിച്ചു കൊണ്ടേയിരിക്കും. വിശുദ്ധ ഖുർആനിലും അല്ലാഹു ഇത് പറഞ്ഞിട്ടുണ്ട്. അല്ലാഹു നമ്മെ എപ്രകാരം അനുഗ്രഹിക്കുന്നു എന്ന് കാണുമ്പോൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. ഭാവിയിലും സാമ്പത്തിക ത്യാഗങ്ങൾ ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. നമ്മുടെ ഈമാനും ദൃഢ വിശ്വാസവും വർദ്ധിപ്പിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 09.1.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516